**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.182 — 26.09.2016 ൽ മറുപടിക്ക്

## അർബുദ പരിശോധനാ സംവിധാനവും ഹൃദയശസ്ത്രക്രിയക്കുള്ള സൗകര്യവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ. സി.കെ.നാണു<br>ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കെ. കൃഷ്ണൻകുട്ടി | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | അർബുദ പരിശോധനാ സംവിധാനവും ഹൃദയശസ്ത്രക്രിയക്കുള്ള സൗകര്യവും ഇതിനാവശ്യമായ കാത്ത് ലാബും എല്ലാ താലൂക്ക് ആശുപത്രികളിലും സ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) & (ബി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള ചികിത്സാ സംവിധാനങ്ങൾ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹൃദ്രോഗ ചികിത്സക്കുള്ള കാത്ത് ലാബ് സ്ഥാപിക്കുന്നതിനും പ്രവർത്തന സജ്ജമാക്കുന്നതിനും ഹൃദ്രോഗ വിദഗ്ദ്ധന്മാരുടേയോ പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടേയോ സേവനം അനിവാര്യമാണ്. ആയതിനാൽ ഇത് താലൂക്കാശുപത്രികളിൽ ആരംഭിക്കുന്നതിനെപ്പറ്റി ഇപ്പോൾ ആലോചനയിലില്ല. അർബുദ പരിശോധന സംവിധാനം പുനലൂർ താലൂക്കാശുപത്രിയിലും നല്ലൂർനാട് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും ഇപ്പോൾ ലഭ്യമാണ്. ഇത് കൂടുതൽ താലൂക്കാശുപത്രിയിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഈ വർഷം ഏതെല്ലാം താലൂക്ക് ആശുപത്രികളിലാണ് പ്രസ്തുത സൗകര്യങ്ങൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഈ സാമ്പത്തിക വർഷം കാത്ത് ലാബ് സംവിധാനം താലൂക്കാശുപത്രികളിൽ ആരംഭിക്കുന്നതിന് പദ്ധതികൾ ഒന്നും ഇല്ല. |
| (ഡി) | ഇതിനായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | ക്യാൻസർ കെയർ സെന്ററുകൾ ആരംഭിക്കുന്നതിന് ഈ വർഷം ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാത്ത് ലാബ് സജ്ജീകരിക്കുന്നതിന് എൻ.സി.ഡി.ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ